പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 18

# 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 18

# 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

1339/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 18

# 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017-ലെ 16) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിൽ (2017-ലെ 16) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 1-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഈ ആക്റ്റിന് 2017-ലെ കേരളം മാരിടൈം ബോർഡ് ആക്റ്റ് എന്ന് പേര് പറയാം."

3. 2-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കണ്ടതാണ്, അതായത്:—

"(സി) "ചെയർപേഴ്സൺ" എന്നാൽ ബോർഡിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;".

(ii) (ഡി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“ (ഡി എ) "കൺസെഷനെയർ" എന്നാൽ ഒരു തുറമുഖത്തിന്റെ പ്രവർത്തനത്തിനോ, ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ മാരിടൈം മേഖലയുമായോ അതിനോട് അനുബന്ധ പ്രവർത്തനവുമായോ എല്ലാമോ ഏതെങ്കിലുമോ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബോർഡ് ഒരു കൺസെഷൻ എഗ്രിമെന്റ് മുഖേന ഏർപ്പെടുത്തിയിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നതും ഇതിൽ 2013-ലെ കമ്പനീസ് ആക്റ്റ് (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി, 1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്റ്റ് (1932-ലെ 9-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പങ്കാളിത്ത സ്ഥാപനങ്ങൾ, കൺസോർഷ്യം എന്നിവയും ഉൾപ്പെടുന്നു;”.

(iii) (ഇ) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(iv) (എഫ്) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ് എ) “എൻഫോഴ്സ്മെന്റ് വിങ്" എന്നാൽ 15 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട എൻഫോഴ്സ്മെന്റ് വിങ് എന്നർത്ഥമാകുന്നു;".

(v) (റ്റി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കണ്ടതാണ്, അതായത്:—

“ (റ്റി) “അംഗം" എന്നാൽ ബോർഡിലെ ഒരു അംഗം എന്നർത്ഥമാകുന്നു;” .

(vi) (വൈ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(വൈ എ) “തുറമുഖ പ്രദേശ വികസന അതോറിറ്റി" എന്നാൽ 103-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട തുറമുഖ പ്രദേശ വികസന അതോറിറ്റി എന്നർത്ഥമാകുന്നു;".

(vii) (ഇസഡ് ഇ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഇസഡ് ഇ എ) "ഓഹരി" എന്നാൽ 2013-ലെ കമ്പനീസ് ആക്റ്റിലെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് (84)-ാം ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഓഹരി എന്നർത്ഥമാകുന്നു;

(ഇസഡ് ഇ ബി) "പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്ഥലപരപ്ലാൻ" എന്നാൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 2-ാം വകുപ്പ് (എസിബി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള പ്രത്യേക പ്രദേശത്തിനു വേണ്ടിയുള്ള സ്ഥലപരപ്ലാൻ എന്നർത്ഥമാകുന്നു;

(ഇസഡ് ഇ സി) "പ്രത്യേക പ്രദേശം" എന്നാൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 2-ാം വകുപ്പ് (എസിഎ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള പ്രത്യേക പ്രദേശം എന്നർത്ഥമാകുന്നു;".

(viii) (ഇസഡ് എഫ്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇസഡ് എഫ് എ) "സംസ്ഥാന മാരിടൈം ലാന്റ് ബാങ്ക്" എന്നാൽ 22 എ വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള "സംസ്ഥാന മാരിടൈം ലാന്റ് ബാങ്ക്" എന്നർത്ഥമാകുന്നു;".

(ix) (ഇസഡ് എച്ച് ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

(എ) "(ഇസഡ് എച്ച് എ) "വൈസ്-ചെയർപേഴ്സൺ" എന്നാൽ ബോർഡിന്റെ വൈസ്-ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;".

(ബി) "(ഇസഡ് എച്ച് ബി) "വാട്ടർഫ്രണ്ട് റോയൽറ്റി" എന്നാൽ തുറമുഖ പരിധിയിൽ ഉൾപ്പെടുന്ന ജലാശയങ്ങളുടെ ഉപയോഗത്തിന് നൽകേണ്ടതായ നിരക്ക് എന്നർത്ഥമാകുന്നു;".

4. <u>3-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(i) (4), (5) എന്നീ ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(4) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | മുഖ്യമന്ത്രി | : | ചെയർപേഴ്സൺ |
| (ii) | സംസ്ഥാനത്തെ തുറമുഖവകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി | : | വൈസ്-ചെയർപേഴ്സൺ |
| (iii) | ചീഫ് സെക്രട്ടറി | : | എക്സ് -ഒഫീഷ്യോ അംഗം |
| (iv) | ഗവൺമെന്റ് സെക്രട്ടറി (തുറമുഖ വകുപ്പ്) | : | എക്സ് -ഒഫീഷ്യോ അംഗം |
| (v) | ഗവൺമെന്റ് സെക്രട്ടറി (മത്സ്യബന്ധന വകുപ്പ്) | : | എക്സ്-ഒഫീഷ്യോ അംഗം |
| (vi) | ഗവൺമെന്റ് സെക്രട്ടറി (വ്യവസായ വകുപ്പ്) | : | എക്സ്-ഒഫീഷ്യോ അംഗം |
| (vii) | ഗവൺമെന്റ് സെക്രട്ടറി (തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ്) | : | എക്സ്-ഒഫീഷ്യോ അംഗം |
| (viii) | ഗവൺമെന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്) | : | എക്സ്-ഒഫീഷ്യോ അംഗം |
| (ix) | ഗവൺമെന്റ് സെക്രട്ടറി (റവന്യൂ വകുപ്പ്) | : | എക്സ്-ഒഫീഷ്യോ അംഗം |
| (x) | നിയമ സെക്രട്ടറി (നിയമ വകുപ്പ്) | : | എക്സ്-ഒഫീഷ്യോ അംഗം |
| (xi) | സർക്കാർ ആവശ്യമെന്ന് കരുതുന്ന മറ്റ് വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി | : | എക്സ്-ഒഫീഷ്യോ അംഗം |
| (xii) | സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് & കസ്റ്റംസിൽ നിന്നുള്ള ഒരു പ്രതിനിധി | : | എക്സ്-ഒഫീഷ്യോ അംഗം |

| | | | |
|---|---|---|---|
| (xiii) | കേരള തീരദേശ സുരക്ഷയുടെ ചുമതലയുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്/ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് | : | എക്സ്-ഒഫീഷ്യോ അംഗം |
| (xiv) | കേരള തീരത്തിന്റെ ചുമതലയുള്ള ഭാരതത്തിന്റെ നാവിക സേനയിൽ നിന്നുള്ള ഒരു പ്രതിനിധി | : | എക്സ്-ഒഫീഷ്യോ അംഗം |
| (xv) | തീര കടലിന്റെയും കേരള തീരത്തിന്റെയും ചുമതലയുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ നിന്നുള്ള ഒരു പ്രതിനിധി | : | എക്സ്-ഒഫീഷ്യോ അംഗം |
| (xvi) | മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | : | എക്സ്-ഒഫീഷ്യോ അംഗം |
| (xvii) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | : | മെമ്പർ സെക്രട്ടറി |
| (xviii) | സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിവിധ മേഖലകളിൽ നിന്നുള്ള നാല് അംഗങ്ങൾ | : | വിദഗ്ധ അംഗങ്ങൾ |

(5) (4)-ാം ഉപവകുപ്പ് (xvii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദഗ്ധ അംഗങ്ങൾ ഷിപ്പിംഗ്, നാവിഗേഷൻ, മാരിടൈം വ്യവസായം [കമ്പനി ഓഫ് മാസ്റ്റർ മറൈനേഴ്സ് ഓഫ് ഇന്ത്യ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ എഞ്ചിനീയേഴ്സ്], ഷിപ്പിംഗും ലോജിസ്റ്റിക്സും, ഉൾനാടൻ ജലഗതാഗതം അല്ലെങ്കിൽ മാരിടൈം നിയമങ്ങൾ ഇവയിൽ ഏതെങ്കിലും മേഖലയിൽ വിപുലമായ അറിവും അനുഭവജ്ഞാനവും ഉള്ളവരായിരിക്കേണ്ടതാണ്.

(6) (4)-ാം ഉപവകുപ്പ് (xvii)-ാം ഇനം പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി പരമാവധി മൂന്ന് വർഷമായിരിക്കുന്നതാണ്.".

5. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"4. ചെയർപേഴ്സന്റെ അഭാവം.— (1) ചെയർപേഴ്സന്റെ അഭാവത്തിൽ ബോർഡിന്റെ യോഗങ്ങളിൽ വൈസ്-ചെയർപേഴ്സൺ ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതാണ്.

(2) രാജി കാരണത്താലോ അല്ലാതെയോ ചെയർപേഴ്സൺ സ്ഥാനം ഒഴിവുണ്ടെങ്കിൽ, അങ്ങനെയുള്ള സാഹചര്യങ്ങളിൽ വൈസ്-ചെയർപേഴ്സൺ, ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതാണ്.

(3) ബോർഡിന്, ഏതെങ്കിലും സാഹചര്യത്തിൽ അടിയന്തര യോഗം ചേരേണ്ടത് ആവശ്യമായി വരികയും, ചെയർപേഴ്സൺ, വൈസ്-ചെയർപേഴ്സൺ എന്നിവർക്ക് അങ്ങനെയുള്ള യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാതെയും വരുന്നിടത്ത്, ചീഫ് സെക്രട്ടറി അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.".

6. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

7. 7 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"7 എ. ബോർഡിന്റെ ചുമതലകൾ.—ബോർഡിന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ചെറുകിട തുറമുഖ മേഖലയ്ക്കായി പദ്ധതികൾ ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക;

(ബി) സംസ്ഥാന തീരപ്രദേശത്തെ കടൽത്തീര ഭൂമി സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഏജൻസിയായിരിക്കുക;

(സി) ചെറുകിട തുറമുഖങ്ങളുടെ ഉപയോഗം, വികസനം, മെച്ചപ്പെടുത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക;

(ഡി) ചെറുകിട തുറമുഖങ്ങളുടെ ഫലപ്രദമായ വികസനത്തിന് ആവശ്യമായ തുറമുഖ കണക്റ്റിവിറ്റി പദ്ധതികളുടെയും മറ്റ് ഉൾനാടൻ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം ഉറപ്പാക്കുക;

(ഇ) ചെറുകിട തുറമുഖങ്ങൾ പരിപാലിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക;

(എഫ്) ബോർഡിന് ഉചിതമെന്ന് കരുതുന്ന സ്ഥലങ്ങളിൽ മതിയായതും കാര്യക്ഷമവുമായ ലൈറ്റ്ഹൗസുകൾ, ബീക്കണുകൾ, മറ്റ് ലൈറ്റുകൾ, ബോയകൾ, മറ്റ് നാവിഗേഷൻ സഹായങ്ങളും സേവനങ്ങളും നൽകുകയും പരിപാലിക്കുകയും ചെയ്യുക;

(ജി) തുറമുഖ പരിധിയ്ക്കുള്ളിലും തുറമുഖ പ്രവേശങ്ങളിലും നാവിഗേഷൻ നിയന്ത്രിക്കുക;

(എച്ച്) തുറമുഖ അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിൽ ലൈസൻസിംഗ്, നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവ നടത്തുക;

(ഐ) കരാർ നൽകിയിട്ടുള്ള ജോലികൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ തുറമുഖ പ്രവൃത്തികളുടെയും മേൽനോട്ടവും നിയന്ത്രണവും നടത്തുക;

(ജെ) ബോർഡ് നൽകുന്ന സേവനങ്ങൾക്കുള്ള നിരക്കുകൾ, സ്കെയിലുകൾ എന്നിവ അതതു സമയങ്ങളിൽ പരിശോധിക്കുകയും പരിഷ്കരിക്കുകയും ചെയ്യുക;

(കെ) ചരക്കുകളുടെയും ആളുകളുടെയും നീക്കത്തിനായി സുരക്ഷിതവും സാമ്പത്തികവും കാര്യക്ഷമവുമായ ഒരു കടൽ ഗതാഗത സംവിധാനം നൽകുകയും ഉറപ്പാക്കുകയും ചെയ്യുക;

(എൽ) തുറമുഖങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മറ്റ് സേവനങ്ങളും സൗകര്യങ്ങളും ഉറപ്പാക്കുക;

(എം) സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബോർഡിന്റെ സ്വത്തുക്കൾ, മാരിടൈം മേഖലയിലെ പ്രവർത്തനങ്ങൾ, ഉൾനാടൻ ജലഗതാഗതം എന്നിവ സംബന്ധിച്ച എല്ലാ വിവരങ്ങളും സർക്കാരിനു നൽകുക;

(എൻ) 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റിലെയും (2025-ലെ 27-ാം കേന്ദ്ര ആക്റ്റ്) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തുറമുഖങ്ങളുടെ വികസനം നടപ്പിലാക്കുകയും ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക;

(ഒ) തുറമുഖ മേഖലകളിലും അവയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലും തുറമുഖാധിഷ്ഠിത വ്യവസായങ്ങളും മാരിടൈം ടൂറിസം പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക;

(പി) തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അന്താരാഷ്ട്ര, ദേശീയ, സംസ്ഥാന അധികാരികൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിയമപരമായ പാരിസ്ഥിതിക മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്നതിനൊപ്പം

ബോർഡിന്റെ അധികാര പരിധിയിലുള്ള കടൽത്തീരം സംരക്ഷിക്കുകയും കടൽത്തീരപ്രദേശങ്ങളുടെ പരിസ്ഥിതി മെച്ചപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ക്യു) ഈ ആക്റ്റിലും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ, റഗുലേഷനുകൾ എന്നിവ പ്രകാരവും വ്യവസ്ഥ ചെയ്തതിൻ പ്രകാരമുള്ള നികുതി, തീരുവ, ഫീസ് എന്നിവ സമാഹരിക്കുക;

(ആർ) തുറമുഖ ശേഷി വികസനത്തിന്റെ ഭാഗമായി പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്ഥലപരപ്ലാൻ നിലനിർത്തുന്നതിന് കാലാകാലങ്ങളിൽ സാങ്കേതിക, സാമ്പത്തിക പഠനങ്ങൾ നടത്തുക;

(എസ്) കപ്പൽ നിർമ്മാണം, കപ്പൽ പൊളിക്കൽ, കപ്പൽ റിപ്പയറിംഗ് എന്നിവയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും വികസിപ്പിക്കുകയും ചെയ്യുക;

(റ്റി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പുറം-അകം നങ്കൂരത്താവളങ്ങളിൽ ക്രൂ ചേഞ്ച് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക;

(യു) മാരിടൈം- ലോജിസ്റ്റിക്സ് മേഖലയിൽ ടൂറിസം, വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവ ഏർപ്പെടുത്തുകയും ഇതിലേക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുകയും ചെയ്യുക;

(വി) ചെറുകിട തുറമുഖങ്ങളുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നയങ്ങളും ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുക;

(ഡബ്ല്യൂ) 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റിലെ (2025-ലെ 27-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾക്കനുസൃതമായി സർക്കാർ അംഗീകാരത്തോടെ സംസ്ഥാനത്ത് പുതിയ തുറമുഖങ്ങൾ ആരംഭിക്കുന്നതിനുള്ള പഠനങ്ങൾ നടത്തുകയും പ്രോജക്ടുകൾ തയ്യാറാക്കുകയും സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുക ;

(എക്സ്) കേന്ദ്ര - സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തുറമുഖങ്ങളുടെ പ്രവർത്തനം, പരിപാലനം, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കായി പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിലാക്കുക ;

(വൈ) മർച്ചന്റ് ഷിപ്പിംഗ്, കാർഗോ മൂവ്മെന്റ്, ബങ്കർ ട്രാഫിക്, യാനങ്ങൾക്ക് ബങ്കർ സപ്ലൈ ചെയ്യൽ എന്നിവ ഉൾപ്പെടെ തുറമുഖ അനുബന്ധമായ പ്രവർത്തനങ്ങളും മാരിടൈം പ്രവർത്തനങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാനത്തിന്റെ തീരദേശം ഉപയോഗിക്കുകയും വികസിപ്പിക്കുകയും ചെയ്യുക;

(ഇസഡ്) ഷിപ്പിംഗ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സംസ്ഥാനത്തിനകത്തെ മേജർ തുറമുഖങ്ങളുമായും കണ്ടെയ്നർ ടെർമിനലുകളുമായും ഏകോപിച്ച് പ്രവർത്തിക്കുക;

(ഇസഡ് എ) തുറമുഖങ്ങളിലും തീരങ്ങളിലും എത്തുന്ന യാനങ്ങൾക്കുള്ള ബങ്കർ സപ്ലൈ, ഖര-ദ്രാവക രൂപത്തിലുള്ള മറ്റു വാതകങ്ങൾ, യാത്രക്കാർക്കുള്ള ഗതാഗത സംവിധാനം, കാർഗോ, മറ്റു തീരദേശ തുറമുഖ ഷിപ്പിംഗുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, സേവനങ്ങൾ എന്നീ മേഖലകളിൽ മതിയായ അടിസ്ഥാന സൗകര്യം ഒരുക്കുക;

(ഇസഡ് ബി) ചരക്ക് നീക്കത്തിന്റെയും യാത്രാ സംവിധാനത്തിന്റെയും ഉപയോഗത്തിനായി കപ്പലുകളും യാനങ്ങളും ബാർജുകളും ബോട്ടുകളും ആർജ്ജിക്കുകയും കപ്പലുകളുടെ അറ്റകുറ്റപ്പണിക്കുള്ള യാർഡുകൾ സ്ഥാപിക്കുകയും ചെയ്യുക;

(ഇസഡ് സി) തുറമുഖത്തിന്റെയോ തുറമുഖപ്രവേശന ഭാഗങ്ങളുടെയോ ഫോർഷോറിന്റെയോ ഏതെങ്കിലും ഭാഗം വിസ്തൃതിപ്പെടുത്തുന്നതിനും ആഴം കൂട്ടുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക;

(ഇസഡ് ഡി) യാനങ്ങൾ, ബാർജുകൾ, യാട്ടുകൾ, ബോട്ടുകൾ, ടഗ്ഗുകൾ, ഡ്രഡ്ജറുകൾ, ജെട്ടികൾ, തുറമുഖങ്ങൾ, വാർഫുകൾ, മൂറിംങ്ങുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുകയും സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക;

(ഇസഡ് ഇ) തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(ഇസഡ് എഫ്) തുറമുഖ പരിധിയിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുകയും സുസ്ഥിര വികസനം നടപ്പിൽവരുത്തുകയും ചെയ്യുക;

(ഇസഡ് ജി) സംസ്ഥാനത്തെ തുറമുഖങ്ങളിലോ പ്രാദേശിക സമുദ്ര പരിധിയിലോ അടുക്കുന്ന യാനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളുടെയോ തുറമുഖങ്ങളുടെയോ കസ്റ്റംസിന്റെയോ അഡ്മിറാലിറ്റി കോടതികളുടെയോ മറ്റു കോടതികളുടെയോ ഉത്തരവുകൾ യഥാവിധി പാലിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;

(ഇസഡ് എച്ച്) 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റിലെ (2021-ലെ 24-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നിയുക്ത അധികാരിയായി പ്രവർത്തിക്കുകയും പ്രസ്തുത ചുമതലകൾ നിർവഹിക്കുന്ന ആവശ്യത്തിലേക്കായി ബോർഡിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക;

(ഇസഡ് ഐ) 22 എ വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന മാരിടൈം ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയും അതിലുൾപ്പെട്ടിട്ടുള്ള സ്ഥാവര വസ്തുക്കളും പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ബോർഡിന് ലഭിക്കുന്ന മുറയ്ക്ക് അവയുടെ സംരക്ഷണം, പരിപാലനം എന്നിവ ഉറപ്പാക്കുകയും പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തി സംയോജിത ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക;

(ഇസഡ് ജെ) 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റിലെ (2025-ലെ 27-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ക്ലിയറൻസുകൾ ലഭ്യമാക്കിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ പുതിയ തുറമുഖങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തനരഹിതമായ തുറമുഖങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(ഇസഡ് കെ) സംസ്ഥാന സർക്കാർ, അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ അനുസരിച്ച് 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റിലെ (2025-ലെ 27-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(ഇസഡ് എൽ) അദ്ധ്യായം VI-ലെ വ്യവസ്ഥകൾ പ്രകാരം ചെറുകിട തുറമുഖങ്ങളിൽ നിർമ്മാണങ്ങളും സേവനങ്ങളും ഉറപ്പാക്കുക;

(ഇസഡ് എം) മാരിടൈം മേഖലയിലും അനുബന്ധ മേഖലയിലും സ്വകാര്യ നിക്ഷേപം ഏർപ്പെടുത്തുന്നതിനുതകുന്ന പുതിയതും നൂതനവുമായ നയങ്ങൾ രൂപീകരിക്കുകയും അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക;

(ഇസഡ് എൻ) തുറമുഖ പരിധിയിലും കടൽ തീരങ്ങളിലും ഫ്ലോട്ടിങ്ങ് ജെട്ടി, ഫ്ലോട്ടിങ്ങ് ബ്രിഡ്ജ്, ഫ്ലോട്ടിങ് കോട്ടേജ് അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർവ്വേ, രജിസ്ട്രേഷൻ അതുമായി ബന്ധപ്പെട്ട മറ്റുപ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുകയും ഫീസ്, പിഴ എന്നിവ യഥാക്രമം സ്വീകരിക്കുകയും ചുമത്തുകയും ചെയ്യുക;

(ഇസഡ് ഒ) തുറമുഖങ്ങളിൽ ഷിപ്പിംഗുമായി ബന്ധപ്പെട്ട വ്യാപാരങ്ങൾ മെച്ചപ്പെടുത്തുന്നതിന് നയങ്ങൾ രൂപീകരിക്കുകയും അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്യുക;

(ഇസഡ് പി) യാനം, ഉൾനാടൻ ജലയാനം, ബാർജ്, യാട്ട്, ബോട്ട്, ടഗ്, ഡ്രെഡ്ജർ, ജെട്ടി, തുറമുഖം, വാർഫ്, മൂറിങ് എന്നിവയ്ക്ക് ബാധകമാകുന്ന നിയമത്തിലെയും അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിവിധ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിവ നൽകുക;

(ഇസഡ് ക്യൂ) ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന തുറമുഖേതര ഭൂമികളുടെ ഉൽപ്പാദനപരമായ ഉപയോഗത്തിനായി സംയോജിത ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക;

(ഇസഡ് ആർ) തീരദേശ കപ്പൽ ഗതാഗതവും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഏറ്റെടുക്കുകയും പ്രസ്തുത മേഖലയുടെ അഭിവൃദ്ധിക്കും പുരോഗമനത്തിനും വേണ്ടിയുള്ള പദ്ധതികൾ, നയങ്ങൾ, പ്രോജക്ടുകൾ എന്നിവ തയ്യാറാക്കുകയും സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്യുക;

(ഇസഡ് എസ്) മാരിടൈം മേഖലയിലും അനുബന്ധ മേഖലകളിലും വ്യാപാര അളവ് വർദ്ധിപ്പിക്കുന്നതിനും സ്വകാര്യ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന പുതിയതും നൂതനവുമായ നയങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്യുക;

(ഇസഡ് റ്റി) തുറമുഖ പരിധിയിൽ ഉൾപ്പെടുന്ന ജലാശയങ്ങളുടെ ഉപയോഗത്തിന് സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടെ വാട്ടർഫ്രണ്ട് റോയൽറ്റി തുക നിശ്ചയിക്കുകയും അതതുസമയങ്ങളിൽ അങ്ങനെയുള്ള റോയൽറ്റി തുക പുതുക്കി നിശ്ചയിക്കുകയും ചെയ്യുക;

(ഇസഡ് യു) 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റ് (2021-ലെ 24-ാം കേന്ദ്ര ആക്റ്റ്), 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റ് (2025-ലെ 27-ാം കേന്ദ്ര ആക്റ്റ്) എന്നിവയിലെയും പ്രസ്തുത ആക്റ്റുകൾക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ബോർഡ് നൽകുന്ന സേവനങ്ങൾക്കുള്ള ഫീസ് സമാഹരിക്കുക;

(ഇസഡ് വി) സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാവുന്ന മറ്റ് ചുമതലകളും അതോടൊപ്പം ഈ ആക്റ്റിലെയും 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റിലെയും (2021-ലെ 24-ാം കേന്ദ്ര ആക്റ്റ്) 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റിലെയും (2025-ലെ 27-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളും പ്രസ്തുത ആക്റ്റുകൾക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകളും നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി മറ്റ് ചുമതലകളും നിർവഹിക്കുക.”.

8. 13-ാം വകുപ്പിന്റെ ഭേദഗതി. —പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "(1)" എന്ന അക്കവും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

9. 15 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"15 എ. എൻഫോഴ്സ്മെന്റ് വിങ് രൂപീകരിക്കൽ.—(1) 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റിലെയും (2021-ലെ 24-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ഉൾനാടൻ ജലയാനങ്ങളുടെ പ്രവർത്തനങ്ങളുടെ പരിശോധനയ്ക്കായി ബോർഡിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ബോർഡ് ഒരു എൻഫോഴ്സ്മെന്റ് വിങ് രൂപീകരിക്കേണ്ടതാണ്.

(2) എൻഫോഴ്സ്മെന്റ് വിങിന്റെ ഘടന, പ്രവർത്തനം, ചുമതലകൾ, അധികാരങ്ങൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള സന്ദർഭങ്ങളിൽ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായം ആവശ്യപ്പെടാവുന്നതാണ്." .

10. 17 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"17 എ. തുറമുഖ ഡയറക്ടറേറ്റിലും ഉപകാര്യാലയങ്ങളിലും അനുവദിച്ചിരുന്ന വിവിധ തസ്തികകളിലെ ഒഴിവുകളിൽ നിശ്ചയിക്കപ്പെട്ട ദിവസത്തിനു ശേഷവും നിയമനം ലഭിച്ച ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും തുറമുഖ ഡയറക്ടറേറ്റിലും ഉപകാര്യാലയങ്ങളിലും അനുവദിച്ചിരുന്ന വിവിധ തസ്തികകളിലെ ഒഴിവുകളിൽ തുറമുഖ വകുപ്പിനു ബാധകമാകുന്ന സ്പെഷ്യൽ റൂൾസ്, ജനറൽ സർവ്വീസ് ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചയിക്കപ്പെട്ട ദിവസത്തിനു ശേഷവും 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തിരം നിയമനം ലഭിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബോർഡ് രൂപീകരിക്കപ്പെട്ടുവെന്നിരിക്കിലും സർക്കാർ ജീവനക്കാരുടേതിനു സമാനമായ എല്ലാവിധ അവകാശങ്ങളും, പരിരക്ഷയും ലഭ്യമാകുന്നതും അവരുടെ സൂപ്പറാന്വേഷനോടുകൂടി അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും തന്നെ പ്രസ്തുത ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിനെ തടയുന്നതല്ല.

(3) നിശ്ചയിക്കപ്പെട്ട ദിവസത്തിനും ഈ ഭേദഗതി ആക്റ്റിനുമിടയിൽ (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് യാതൊരുവിധ മാറ്റങ്ങളും സീനിയോറിറ്റി നഷ്ടമോ സേവനവേതന വ്യവസ്ഥയിൽ ദോഷകരമായ മറ്റു യാതൊരുവിധ മാറ്റങ്ങളും കൂടാതെ തന്നെ സർക്കാർ ജീവനക്കാരായി തുടരാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്കനടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ബോർഡ് സ്വീകരിക്കുന്ന അച്ചടക്കനടപടിക്കെതിരെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സർക്കാരിലേയ്ക്ക് അപ്പീൽ നൽകാവുന്നതും അങ്ങനെയുള്ള അപ്പീലിന്മേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

11. <u>22-ാം വകുപ്പിന്റെ ഭേദഗതി</u>.— പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "പാട്ടത്തിന് കൊടുക്കുന്നതിനും ലൈസൻസ് നൽകുന്നതിനും വേണ്ടിയോ ഉള്ള" എന്നീ വാക്കുകൾക്ക് പകരം "പാട്ടത്തിനു നൽകുന്നതിനോ ലൈസൻസ് നൽകുന്നതിനോ പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നൽകുന്നതിനോ വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്."

(ii) (ബി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ക്ളിപ്ത നിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നൽകുമ്പോൾ ടെൻഡർ നടപടികളുടെ സമയത്ത് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അധിക കാലയളവ് ആവശ്യപ്പെടുന്ന പക്ഷം, കൂടുതൽ നിക്ഷേപസാധ്യത വിലയിരുത്തി സർക്കാരിന്റെ അനുമതി ലഭ്യമാക്കി അങ്ങനെയുള്ള ഒരു അധിക കാലയളവ് അനുവദിക്കാവുന്നതാണ്:

എന്നുമാത്രവുമല്ല, കൺസെഷനെയർ, കരാറിലെ വ്യവസ്ഥകൾ പ്രകാരം മുപ്പതുവർഷ കാലയളവ് പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പുമായി തുടർന്നും ബോർഡുമായി പങ്കാളിയാകുവാൻ തീരുമാനിക്കുന്ന പക്ഷം, ബോർഡിന്, അങ്ങനെയുള്ള ഒരു അധിക സമയത്തേയ്ക്ക് കൂടി കാലാവധി ദീർഘിപ്പിച്ചുനൽകേണ്ടതിന് മതിയായ കാരണങ്ങളുണ്ടെന്ന് കരുതുന്ന പക്ഷം, പ്രസ്തുത കാര്യം ബോർഡ് സർക്കാരിനെ അറിയിക്കേണ്ടതും സർക്കാരിന്റെ അംഗീകാരത്തോടെ ഒരു അധിക കാലയളവ് കൂടി

അനുവദിക്കാവുന്നതും അങ്ങനെയുള്ള അധിക കാലാവധിയ്ക്കുള്ള അപേക്ഷ, നിലവിലുള്ള കൺസെഷൻ എഗ്രിമെന്റ് പ്രകാരമുള്ള കാലയളവ് അവസാനിക്കുന്നതിനും ഒരു വർഷം മുൻപ് കൺസെഷനെയർ, നൽകേണ്ടതുമാണ്."

12. 22 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22 എ. സംസ്ഥാന മാരിടൈം ലാന്റ് ബാങ്ക് രൂപീകരണം.—(1) സംസ്ഥാനത്ത് തത്സമയം പ്രാബല്യത്തിലുള്ള മറ്റ ഏതെങ്കിലും നിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ, ഈ ആക്റ്റിലെയും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരം ചെറുകിട തുറമുഖങ്ങളുടെ വികസനം, മാരിടൈം വ്യവസായം, മാരിടൈം ലോജിസ്റ്റിക്സ്, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവയ്ക്ക് വേണ്ടി സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള ഭൂമി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന മാരിടൈം ലാന്റ് ബാങ്ക് വിജ്ഞാപനം വഴി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സംസ്ഥാന മാരിടൈം ലാന്റ് ബാങ്കിലുൾപ്പെട്ട ഭൂമി സംബന്ധിച്ച് സർക്കാരിന്, ഉത്തരവ് വഴി പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉത്തരവിൽ പറയുന്ന നിരക്കിലും നിബന്ധനകളിന്മേലും ഉപാധികളിന്മേലും പാട്ടത്തിനോ ലൈസൻസ് വ്യവസ്ഥയിലോ ബോർഡിന് നൽകാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മാരിടൈം ലാൻഡ് ബാങ്കിൽ ഉൾപ്പെടുന്ന ഭൂമിയിൽ തുറമുഖപരിധിയിൽപ്പെടുന്നതും എന്നാൽ തത്സമയം പ്രസ്തുത ഭൂമി മറ്റ് സർക്കാർ വകുപ്പിന്റെ ഉടമസ്ഥതയിലുമുള്ള പക്ഷം, അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ബോർഡിന് നൽകുന്നതിനുള്ള നടപടികൾ കഴിയുന്നത്രവേഗത്തിൽ ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ടതാണ്.".

13. 63 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 63-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"63 എ. കമ്പനികളുടെ ഓഹരികൾ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്, തുറമുഖ പ്രവർത്തനവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ കമ്പനീസ് ആക്റ്റിലെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും കമ്പനിയുടെയോ, കേന്ദ്ര-സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളുടെയോ ഓഹരികൾ വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, അപ്രകാരം ഓഹരികൾ വാങ്ങൽ, വിൽപ്പന എന്നിവയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്:

എന്നുമാത്രവുമല്ല, ഓഹരികൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും ബോർഡിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്.".

14. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിൽ, (ഐ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഐ എ) 71 എ വകുപ്പ് പ്രകാരമുള്ള ഉൾനാടൻ ജലയാന നിധിയിൽ കമ്മി വരുന്നപക്ഷം നൽകുന്ന തുക.".

15. 71 എ, 71 ബി, 71 സി, 71 ഡി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 71-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 71 എ. ഉൾനാടൻ ജലയാന പ്രവർത്തനങ്ങൾ സംബന്ധിച്ച ഫണ്ട്.—(1)2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റിലെയും (2021-ലെ 24-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള സേവനങ്ങൾ ബോർഡ് നൽകുന്നതിലൂടെ ലഭിക്കുന്ന എല്ലാ തുകകളും മിച്ചം വരുന്ന തുക നിക്ഷേപിക്കുന്നതിൽ നിന്ന് ലഭിക്കുന്ന പലിശ തുക ഉൾപ്പെടെയുള്ള മറ്റു തുകകൾ എന്നിവയ്ക്കുവേണ്ടി ബോർഡിന് ഉൾനാടൻ ജലയാന നിധി എന്നു വിളിക്കുന്ന ഒരു പ്രത്യേക നിധി ഉണ്ടായിരിക്കേണ്ടതാണ്.

71 ബി. ഉൾനാടൻ ജലയാന നിധിയിലെ തുകയുടെ വിനിയോഗിക്കൽ.—71 എ വകുപ്പ് പ്രകാരം ഉൾനാടൻ ജലയാന നിധിയിലേക്ക് വരവുവെച്ച തുക താഴെപ്പറയുന്ന ചാർജ്ജുകൾ നൽകുന്നതിന് വിനിയോഗിക്കേണ്ടതാണ്, അതായത്:—

2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റിലെയും (2021-ലെ 24-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി,—

(i) ബോർഡ് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളം, വേതനം, ബത്ത, മറ്റ് തുകകൾ;

(ii) ബോർഡ് വാങ്ങുന്ന അല്ലെങ്കിൽ വാടക ഇനത്തിൽ ലഭ്യമാക്കുന്ന വാഹനങ്ങൾ, ബോട്ടുകൾ, അനുബന്ധ യന്ത്രസാമഗ്രികൾ എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവ്;

(iii) ഉൾനാടൻ ജലയാനങ്ങൾ സൂക്ഷിക്കുന്ന ആവശ്യത്തിലേക്കായി നിർമ്മിക്കുന്ന അല്ലെങ്കിൽ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന ഡിറ്റൻഷൻ യാർഡുമായി ബന്ധപ്പെട്ട ചെലവ്;

(iv) വ്യവഹാര സംബന്ധമായ ചെലവ്;

(v) മറ്റ് സർക്കാർ വകുപ്പുകൾക്ക് നൽകേണ്ടുന്ന തുക;

(vi) ഉൾനാടൻ ജലയാനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന മറ്റ് ചെലവുകൾ.

71 സി. ഉൾനാടൻ ജലയാന നിധിയിൽ മിച്ചം വരുന്ന തുക.—ഉൾനാടൻ ജലയാന നിധിയിൽ മിച്ചം വരുന്ന തുക ദേശസാൽകൃത ബാങ്കുകളിലോ ട്രഷറിയിലോ സ്ഥിരനിക്ഷേപമായി സൂക്ഷിക്കാവുന്നതാണ്. കുറവ് വരുന്ന പക്ഷം ബോർഡിന്റെ പൊതു നിധിയിൽ നിന്നും ഉപയോഗിക്കാവുന്നതും മിച്ചം വരുന്നമുറയ്ക്ക് പൊതു നിധിയിലേക്ക് തിരികെ കൊടുക്കാവുന്നതുമാണ്.

71 ഡി. കണക്കുകളും ആഡിറ്റും.— ഉൾനാടൻ ജലയാന നിധിയുമായി ബന്ധപ്പെട്ട് ബോർഡ് ശരിയായ കണക്കുകളും മറ്റ് പ്രസക്ത രേഖകളും സൂക്ഷിച്ചുപോരേണ്ടതും ബോർഡിന്റെ കണക്കുകളിൽ ഉൾപ്പെടുത്തി 84-ാം വകുപ്പ് പ്രകാരമുള്ള ആഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.”.

16. 84-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്ടിലെ 84-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (2) ബോർഡിന്റെ എല്ലാ കണക്കുകളും വർഷത്തിലൊരിക്കൽ ആഡിറ്റ് ചെയ്യപ്പെടേണ്ടതും ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് സർക്കാർ നിയമിക്കുന്ന ഒരു ആഡിറ്റർ അങ്ങനെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ആഡിറ്റർക്ക് ബോർഡ് നൽകേണ്ടതായ ഏതൊരു തുകയും ബോർഡിന്റെ പൊതുനിധിയിൽ നിന്ന് കുറവ് ചെയ്യേണ്ടതുമാണ്.”.

(ii) (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ (4) ബോർഡിന്റെ എല്ലാ ഇടപാടുകളുടെയും ഇന്റേണൽ ഓഡിറ്റ് വർഷം തോറും അല്ലെങ്കിൽ ബോർഡ് തീരുമാനിക്കുന്ന അങ്ങനെയുള്ള ഇടവേളകളിൽ ബോർഡ്

നിശ്ചയിക്കുന്ന ഒരു ഏജൻസി മുഖേന നടത്തേണ്ടതും ഇതിലേയ്ക്കായി ചെലവാകുന്ന തുക ബോർഡിന്റെ പൊതു നിധിയിൽ നിന്നും വഹിക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഇന്റേണൽ ആഡിറ്റ് സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്കും തുടർനടപടികൾക്കുമായി ബോർഡ് മുൻപാകെ വയ്ക്കേണ്ടതാണ്.".

17. 103-ാം വകുപ്പിന്റെ ഭേദഗതി.—103-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 103. തുറമുഖ പ്രദേശ വികസന അതോറിറ്റി.—(1) തത്സമയം സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഓരോ തുറമുഖത്തിനും വേണ്ടി തുറമുഖ പ്രദേശ വികസന അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) തുറമുഖ പ്രദേശ വികസന അതോറിറ്റിയുടെ ഘടന, പ്രവർത്തനം, അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ, യോഗം, ക്വാറം എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) തുറമുഖ പ്രദേശ വികസന അതോറിറ്റി, ഒരു പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്ഥലപരപ്ലാൻ തയ്യാറാക്കി സർക്കാരിന്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) വ്യവസ്ഥകൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതിനായി നൽകേണ്ടതാണ്.".

18. 103 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 103-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 103 എ ഫ്ലോട്ടിങ്ങ് ജെട്ടി, ഫ്ലോട്ടിങ്ങ് ബ്രിഡ്ജ് , ഫ്ലോട്ടിങ് കോട്ടേജ് അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ പ്രവർത്തനം.—തുറമുഖ പരിധിയിലും സംസ്ഥാനത്തെ കടൽത്തീരങ്ങളിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വ്യവസ്ഥകളുടെയും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഫ്ലോട്ടിങ്ങ് ജെട്ടി, ഫ്ലോട്ടിങ്ങ് ബ്രിഡ്ജ്, ഫ്ലോട്ടിങ് കോട്ടേജ് അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർവ്വേ, രജിസ്ട്രേഷൻ അതുമായി ബന്ധപ്പെട്ട മറ്റുപ്രവർത്തനങ്ങൾക്കുള്ള അനുമതി ബോർഡ് നൽകേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന ഫീസ്, പിഴ എന്നിവ യഥാക്രമം സ്വീകരിക്കുകയും ചുമത്തുകയും ചെയ്യേണ്ടതുമാണ്." .

19. 106-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 106-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (എ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഓപ്ഷൻ നൽകുന്നതിനുള്ള ഫാറം;

(എഎ) 17 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഓപ്ഷൻ നൽകുന്നതിനുള്ള ഫാറം;".

(ii) (ബി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ബിഎ) 22 എ വകുപ്പ് പ്രകാരം സംസ്ഥാന മാരിടൈം ലാന്റ് ബാങ്കിലുൾപ്പെട്ട ഭൂമി നൽകുന്നതിനുള്ള നിരക്കും നിബന്ധനകളും ഉപാധികളും;''.

(iii) (ഡി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഡി) 103-ാം വകുപ്പ് പ്രകാരം തുറമുഖ പ്രദേശ വികസന അതോറിറ്റിയുടെ ഘടന, പ്രവർത്തനം, അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ, യോഗം, ക്വാറം എന്നിവ;".

(iv) (ഡി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഡി എ) 103 എ വകുപ്പ് പ്രകാരം ഫ്ലോട്ടിങ്ങ് ജെട്ടി, ഫ്ലോട്ടിങ്ങ് ബ്രിഡ്ജ്, ഫ്ലോട്ടിങ് കോട്ടേജ് അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർവ്വേ, രജിസ്ട്രേഷൻ അതുമായി ബന്ധപ്പെട്ട മറ്റുപ്രവർത്തനങ്ങൾക്കുള്ള വ്യവസ്ഥകൾ, ഫീസ്, പിഴ എന്നിവ;".

20. ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കൽ.— പ്രധാന ആക്റ്റിൽ " കേരള" , " ചെയർമാൻ" , " വൈസ്-ചെയർമാൻ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം യഥാക്രമം " കേരളം" , " ചെയർപേഴ്സൺ" , " വൈസ്-ചെയർപേഴ്സൺ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാന നിയമസഭ പാസാക്കിയ 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017 -ലെ 16-ാം ആക്റ്റ്) ഭേദഗതി ചെയ്തുകൊണ്ട് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് നിലവിൽ വന്നു. നിലവിലുള്ള ആക്റ്റിലെ വ്യവസ്ഥകൾ മൂലം കേരള

മാരിടൈം ബോർഡിന്റെ തീരുമാനങ്ങൾക്കായി വീണ്ടും സർക്കാർ അനുമതിയ്ക്കായി അയയ്ക്കേണ്ടി വരുന്നതിനാൽ തീരുമാനങ്ങൾ യഥാസമയം എടുക്കുന്നതിനും മൂലധനത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും കാലതാമസം ഉണ്ടാകുന്നതിനാൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണെന്ന് തീരുമാനിച്ചു.

ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മുഖ്യമന്ത്രിയെ ചെയർപേഴ്സണായും തുറമുഖ വകുപ്പ് മന്ത്രിയെ വൈസ്-ചെയർപേഴ്സണായും ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനും, ചെറുകിട തുറമുഖങ്ങളുടെ വികസനം, കടൽത്തീര സംരക്ഷണം, തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഡ്രെഡ്ജിങ്, യാനങ്ങൾക്ക് ലൈസൻസ് നൽകൽ, പരിസ്ഥിതി സംരക്ഷണം, 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കൽ തുടങ്ങിയ ബോർഡിന്റെ ചുമതലകളും അധികാരങ്ങളും വിശദമായി ഉൾപ്പെടുത്തുന്നതിനും, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)/ അഖിലേന്ത്യാ സർവീസ് വിഭാഗത്തിലുള്ള മുതിർന്ന ഉദ്യോഗസ്ഥരെ മാത്രം നിയമിക്കുന്നതിനും ഈ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു. 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റ് പ്രകാരം ബോർഡിനെ നിയുക്ത അധികാരിയായി ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ, ഉൾനാടൻ ജലയാനങ്ങളുടെ പരിശോധനയ്ക്കായി ബോർഡിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു 'എൻഫോഴ്സ്മെന്റ് വിങ് ' രൂപീകരിക്കുന്നതിനും, തുറമുഖ ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും അനുവദിച്ചിരുന്ന വിവിധ തസ്തികകളിലെ ഒഴിവുകളിൽ തുറമുഖ വകുപ്പിന് ബാധകമാകുന്ന ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട ദിവസത്തിനുശേഷവും 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖാന്തിരം നിയമനം ലഭിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും സർക്കാർ ജീവനക്കാരുടേതിന് സമാനമായ എല്ലാവിധ അവകാശങ്ങളും പരിരക്ഷയും നല്കുന്നതിനും, ഇന്റേണൽ, എക്സ്റ്റേണൽ ഓഡിറ്റ് നടപടിക്രമങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനും കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തുറമുഖ വികസന കമ്പനികളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഓഹരികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ വാങ്ങാനും വിൽക്കാനും ബോർഡിന് അധികാരം നൽകുന്നതിനും, Public-Private Partnership (PPP) വ്യവസ്ഥയിലുള്ള പദ്ധതികൾക്ക് കരാർ കാലാവധി നീട്ടിനൽകുന്നതിനുള്ള വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിനും സർക്കാരിന്റെ അധീനതയിലുള്ള ഭൂമി ഉൾപ്പെടുത്തി ചെറുകിട തുറമുഖ വികസനത്തിനും മാരിടൈം വ്യവസായങ്ങൾക്കുമായി 'സംസ്ഥാന മാരിടൈം ലാന്റ് ബാങ്ക് രൂപീകരിക്കുന്നതിനും ഈ ഭേദഗതി വിഭാവനം ചെയ്യുന്നു.

മേൽ പറഞ്ഞ ലക്ഷ്യം നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

2026-ലെ കരട് കേരളം മാരിടൈം ബോർഡ് ആക്റ്റ് (ഭേദഗതി) നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതും ധനകാര്യ വകുപ്പ് ബില്ലിലെ വ്യവസ്ഥകൾക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ബില്ലിലെ യാതൊരു വ്യവസ്ഥയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നുള്ള ചെലവോ ബാധ്യതയോ ഉന്നയിക്കുന്നില്ല. ബിൽ വിഭാവനം ചെയ്യുന്ന എല്ലാ ചെലവുകളും പ്രധാന ആക്റ്റിലെ 70-ാം വകുപ്പ് പ്രകാരം ബോർഡിന്റെ പൊതുനിധിയിൽ നിന്നാണ് വഹിക്കേണ്ടത്. എൻഫോഴ്സ്മെന്റ് വിങ് ബോർഡിൽ നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് രൂപീകരിക്കുന്നത്. 84-ാം വകുപ്പ് പ്രകാരമുള്ള ഇന്റേണൽ ഓഡിറ്റിന്റെ ചെലവ് ബോർഡിന്റെ പൊതുനിധിയിൽ നിന്നാണ്. തുറമുഖ പ്രദേശ വികസന അതോറിറ്റികളുടെ ചെലവ് ബോർഡ് വഹിക്കുന്നതാണ്. ഉൾനാടൻ ജലയാന നിധി ആ മേഖലയിലെ ഫീസിൽ നിന്ന് തന്നെ സജ്ജീകരിക്കുന്നു. മാത്രവുമല്ല, തുറമുഖ പരിധിയിലെ ജലാശയങ്ങളുടെ ഉപയോഗത്തിനുള്ള വാട്ടർഫ്രണ്ട് റോയൽറ്റി, 2021-ലെ ഇൻലാന്റ് വെസ്സൽസ് ആക്റ്റ് പ്രകാരമുള്ള ഫീസ്, ഫ്ലോട്ടിങ്ങ് ഘടനകളുടെ ഫീസും പിഴയും, കൂടുതൽ കാലാവധിയുള്ള കൺസെഷനുകളിൽ നിന്നുള്ള ഉയർന്ന പ്രീമിയം, ബോർഡിന്റെ ഓഹരികളിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ അഞ്ച് വരുമാന മാർഗ്ഗങ്ങൾ ബിൽ സൃഷ്ടിക്കുകയോ വ്യക്തമാക്കുകയോ ചെയ്യുന്നതിനാൽ ബിൽ സാമ്പത്തികപരമായി ഗുണകരമാണ്.

ആയതിനാൽ പ്രസ്തുത ബിൽ നടപ്പാക്കുന്നത് മൂലം സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും വരുന്നില്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 10-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന് ശേഷം 15 എ എന്ന പുതിയ വകുപ്പ് ചേർക്കുന്നു. പ്രസ്തുത വകുപ്പ് പ്രകാരം ബോർഡ് രൂപീകരിക്കുന്ന എൻഫോഴ്സ്മെന്റ് വിങിന്റെ ഘടന, ചുമതലകൾ, അധികാരങ്ങൾ എന്നിവയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം തുറമുഖ ഡയറക്ടറേറ്റിലും ഉപകാര്യാലയങ്ങളിലും അനുവദിച്ചിരുന്ന വിവിധ തസ്തികകളിലെ ഒഴിവുകളിൽ നിശ്ചയിക്കപ്പെട്ട ദിവസത്തിനു ശേഷം ബോർഡിലെ ജീവനക്കാരായി നിയമനം ലഭിച്ചവർക്ക് ബോർഡിലെ

ജിവനക്കാരായി മാറുന്നതിനോ ഓപ്ഷൻ നൽകുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 12-ാം ഖണ്ഡപ്രകാരം സംസ്ഥാന മാരിടൈം ലാന്റ് ബാങ്ക് രൂപീകരിക്കുന്നതിലേയ്ക്കായി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 17-ാം ഖണ്ഡപ്രകാരം ഓരോ തുറമുഖത്തിനും വേണ്ടി തുറമുഖ പ്രദേശ വികസന അതോറിറ്റിയുടെ ഘടന, പ്രവർത്തനം, അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ, യോഗം, ക്വാറം എന്നിവ നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 19-ാം ഖണ്ഡത്തിന്റെ (i)-ാം ഉപഖണ്ഡം ബോർഡിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഓപ്ഷൻ നൽകുന്നതിനുള്ള ഫാറവും (ii)-ാം ഉപഖണ്ഡം സംസ്ഥാന ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂമി നൽകുന്നതിനുള്ള നിരക്കും നിബന്ധനകളും ഉപാധികളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും (iv)-ാം ഉപഖണ്ഡം ഫ്ലോട്ടിംഗ് ജെട്ടി, ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഫ്ലോട്ടിംഗ് കോട്ടേജ് അല്ലെങ്കിൽ ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർവ്വേ, രജിസ്ട്രേഷൻ അതുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങൾക്കുള്ള വ്യവസ്ഥകൾ, ഫീസ്, പിഴ എന്നിവയ്ക്കായും ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

വി.ഡി. സതീശൻ

# 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2017-ലെ 16-ാം ആക്റ്റ്)

** ** ** **

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് എന്ന് പേരു പറയാം.

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(സി) "ചെയർമാൻ" എന്നാൽ ആക്റ്റിന്റെ 3-ാം വകുപ്പു പ്രകാരം, സ്ഥാപിക്കപ്പെട്ട ബോർഡിന്റെ ചെയർമാൻ എന്നർത്ഥമാകുന്നതും അതിൽ 4-ാം വകുപ്പു പ്രകാരം ചെയർമാനായി നിയമിക്കപ്പെട്ട ആൾ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ ഈ ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസറായി നിയമിക്കപ്പെട്ട ആഫീസർ എന്നർത്ഥമാകുന്നു;

(ഇ) "കോടതി" എന്നാൽ ഒരു യാനത്തെ അറസ്റ്റ് ചെയ്യുന്നതിനും തടഞ്ഞുവയ്ക്കുന്നതിനും സിവിലും ക്രിമിനലും സംഗതികളിന്മേൽ കടൽ പ്രദേശം സംബന്ധിച്ച് അധികാരിതയുള്ള കേരള ഹൈക്കോടതിയും മറ്റ് കോടതികളും എന്നർത്ഥമാകുന്നു.

(എഫ്) "ഡോക്ക്" എന്നതിൽ എല്ലാ ബെയ്സിനുകളും ലോക്കുകളും കട്ടുകളും എൻട്രൻസുകളും ഗ്രേവിംഗ് ഡോക്കുകളും ഗ്രേവിംഗ് ബ്ലോക്കുകളും ഇൻക്ലൈൻഡ് പ്ലെയിനുകളും, സ്ലിപ് വേകളും ഗ്രീഡ് അയണുകളും നങ്കൂരങ്ങളും ട്രാൻസിറ്റ് ഷെഡ്ഡുകളും വെയർഹൗസുകളും ഗോഡൗണുകളും തുറസ്സായ പുരയിടങ്ങളും എതെങ്കിലും ഡോക്കിനോട് ചേർന്നിരിക്കുന്ന മറ്റു നിർമ്മാണങ്ങളും സാധനങ്ങളും മാത്രമല്ല കൈവഴികളാൽ വലയം ചെയ്യപ്പെട്ടതോ സംരക്ഷിക്കപ്പെട്ടതോ ആയ കടൽഭാഗവും അലതാനിയും അലതാനികൾ ഉൾപ്പെടെയുള്ള പുറം നങ്കൂരത്താവളവും ഒരു തുറമുഖത്തിന്റെ പുറം നങ്കൂരത്താവളവും അല്ലെങ്കിൽ പുലിമുട്ടുകളും കൂടി ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(റ്റി) "അംഗം" എന്നാൽ, അതതു സംഗതിപോലെ, ബോർഡിലേയോ അതിന്റെ കമ്മിറ്റികളിലേയോ ഒരംഗം എന്നർത്ഥമാകുന്നു;

**                    **                    **                    **

(വൈ) "തുറമുഖ പ്രവേശങ്ങൾ" എന്നാൽ ഏതെങ്കിലും തുറമുഖത്തെ സംബന്ധിച്ചിടത്തോളം, 1908-ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) പ്രാബല്യത്തിലുള്ള, തുറമുഖത്തിലേക്ക് നയിക്കുന്ന ഗതാഗതയോഗ്യമായ നദികളുടെയും ചാനലുകളുടെയും ഭാഗങ്ങൾ എന്നർത്ഥമാകുന്നതും അതിനു പുറമേ തുറമുഖത്തിന്റെ പരിധിക്കുള്ളിലെ അടിസ്ഥാന സൗകര്യങ്ങളായ റോഡും റെയിലും ഉൾപ്പെടുന്നതുമാകുന്നു;

**                    **                    **                    **

(ഇസഡ് ഇ) "സെക്യൂരിറ്റികൾ" എന്നാൽ 1956-ലെ സെക്യൂരിറ്റീസ് കോൺട്രാക്റ്റ്സ് (റെഗുലേഷൻ) ആക്റ്റിലെ (1956-ലെ 42-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (എച്ച്) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള സെക്യൂരിറ്റികൾ എന്നർത്ഥമാകുന്നു;

(ഇസഡ് എഫ്) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

**                    **                    **                    **

(ഇസഡ് എച്ച്) "ജലയാനം" എന്നതിൽ മനുഷ്യരെയോ ചരക്കുകളേയോ പ്രധാനമായും ജലമാർഗ്ഗം കൊണ്ടുപോകുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഏതൊന്നും ഉൾപ്പെടുന്നതുമാകുന്നു;

**                    **                    **                    **

3. <u>കേരള മാരിടൈം ബോർഡ് സ്ഥാപിക്കൽ</u>.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം എത്രയും പെട്ടെന്ന്, സർക്കാരിന്, വിജ്ഞാപനം വഴി, 'കേരള മാരിടൈം ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് സ്ഥാപിക്കാവുന്നതാണ്.

**                    **                    **                    **

(4) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാളോ, സർക്കാരിലോ പൊതുമേഖലയിലോ വൻകിട തുറമുഖങ്ങളിലോ മാരിടൈം

ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ/മാനേജിംഗ് ഡയറക്ടർ/വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ ഭരണപരിചയമുള്ള ആളോ ആയിരിക്കേണ്ടതുമാണ്;

(ii) വൈസ്-ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത് നിയമിക്കേണ്ടതും അദ്ദേഹം കേരള സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാൾ ആയിരിക്കേണ്ടതുമാണ്;

| | | | |
|---|---|---|---|
| (iii) | ഗവൺമെന്റ് സെക്രട്ടറി (മത്സ്യബന്ധനവും തുറമുഖവും വകുപ്പ്) | : | എക്സ് ഒഫിഷ്യോ അംഗം |
| (iv) | ഗവൺമെന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്) | : | എക്സ് ഒഫിഷ്യോ അംഗം |
| (v) | നിയമ സെക്രട്ടറി (നിയമ വകുപ്പ്) | : | എക്സ് ഒഫിഷ്യോ അംഗം |
| (vi) | കേരള തീരത്തിന്റെ ചുമതലയുള്ള, ഭാരതത്തിന്റെ നാവികസേനയിൽ നിന്നുള്ള ഒരു പ്രതിനിധി | : | എക്സ് ഒഫിഷ്യോ അംഗം |
| (vii) | തീരക്കടലിന്റെയും കേരള തീരത്തിന്റെയും ചുമതലയുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ നിന്നുള്ള ഒരു പ്രതിനിധി | : | എക്സ് ഒഫിഷ്യോ അംഗം |
| (viii) | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | : | എക്സ് ഒഫിഷ്യോ അംഗം |
| (ix) | സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാല് അംഗങ്ങൾ | : | അംഗങ്ങൾ |
| (x) | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | : | മെമ്പർ സെക്രട്ടറി. |

(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ കാലാവധി പരമാവധി മൂന്ന് വർഷം ആയിരിക്കും.

** ** ** **

4. ചെയർമാന്റെ അഭാവം.—ചെയർമാന്റെ അഭാവത്തിലോ അവധിയിലോ വൈസ് ചെയർമാനും ചെയർമാന്റെയും വൈസ് ചെയർമാന്റെയും അഭാവത്തിൽ സർക്കാർ നിയമിക്കാവുന്ന അങ്ങനെയുള്ള ആളും ചെയർമാനായി പ്രവർത്തിക്കേണ്ടതാണ്.

** ** ** **

5. ബോർഡിന്റെ യോഗം.—(1) ബോർഡ്, റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗങ്ങൾ നടത്തേണ്ടതും (2)-ഉം (3)-ഉം (4)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് അങ്ങനെയുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതുമാണ്.

(2) ബോർഡിന്റെ യോഗത്തിൽ ചെയർമാനും അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ്-ചെയർമാനും ചെയർമാന്റെയും വൈസ്-ചെയർമാന്റെയും അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏതെങ്കിലും ആളും അദ്ധ്യക്ഷം വഹിക്കേണ്ടതാണ്

** ** ** **

7. നിയമനത്തിലെ ന്യൂനതകൾ, പ്രവൃത്തികൾ മുതലായവയെ അസാധുവാക്കുന്നതല്ല.—ബോർഡിന്റെയോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയുടെയോ ഏതെങ്കിലും പ്രവൃത്തി അല്ലെങ്കിൽ നടപടി,—

(എ) അതിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും അപാകതയോ;

(ബി) അതിലെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാൾക്ക് എന്തെങ്കിലും അയോഗ്യതയോ അയാളുടെ നിയമനത്തിൽ എന്തെങ്കിലും ന്യൂനതയോ;

(സി) പ്രവർത്തിയുടേയോ നടപടികളുടേയോ ഗുണദോഷങ്ങളെ ബാധിക്കാതെയുള്ള അതിന്റെ നടപടിക്രമത്തിൽ ഏതെങ്കിലും ക്രമക്കേടോ, കാരണമായി മാത്രം അസാധുവാകുന്നതല്ല.

** ** ** **

13. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ.—(1) സർക്കാരിന്, ഉത്തരവ് വഴി, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാവുന്നതാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ യോഗ്യത, ശമ്പളം, ബത്തകൾ മറ്റു സേവന വ്യവസ്ഥകൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

** ** ** **

15. ബോർഡിലെ ജീവനക്കാർക്ക് അവധി മുതലായവ അനുവദിക്കുന്നതിനുള്ള അധികാരം.—(1) റഗുലേഷനുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, സേവനം നീട്ടുന്നതിനും, അവധി അനുവദിക്കുന്നതിനും, സസ്പെന്റ് ചെയ്യുന്നതിനും കുറവു വരുത്തുന്നതിനും നീക്കം ചെയ്യുകയോ പിരിച്ചു വിടുകയോ ചെയ്യുന്നതിനും അല്ലെങ്കിൽ ബോർഡിലെ ജീവനക്കാരുടെ മറ്റേതെങ്കിലും പ്രശ്നം തീർപ്പാക്കുന്നതിനും ജീവനക്കാരന്റെ സ്വഭാവദൂഷ്യം ഒഴികെയുള്ള മറ്റേതെങ്കിലും കാരണത്താൽ അങ്ങനെയുള്ള ഏതെങ്കിലും ജീവനക്കാരന്റെ സേവനം അവസാനിപ്പിക്കുന്നതിനുള്ള അധികാരം ഉൾപ്പെടെ ഉള്ള അധികാരങ്ങൾ ബോർഡോ റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റേതെങ്കിലും അധികാരസ്ഥാനമോ വിനിയോഗിക്കേണ്ടതാണ്.

(2) പദവിയിൽ കുറവു വരുത്തികൊണ്ടോ, നീക്കം ചെയ്തുകൊണ്ടോ, പിരിച്ചുവിട്ടുകൊണ്ടോ ഉള്ള ബോർഡിന്റെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തും സർക്കാരിലേയ്ക്ക് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

** ** ** **

17. തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേകവ്യവസ്ഥകൾ.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖകാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സൂപ്പറാന്വേഷനോടു കൂടി, അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും തന്നെ പ്രസ്തുത ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിനെ തടയുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരെ പ്രസ്തുത വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട അവരുടെ അവകാശങ്ങൾക്ക് ഹാനി വരുത്താത്ത വിധത്തിൽ അവരുടെ സേവനം വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ് :

എന്നാൽ അപ്രകാരം തുടരുന്ന സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്കനടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ വിരമിക്കുന്നതോടുകൂടി ആ തസ്തികകളുടെ എൻട്രി കേഡർ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്.

(5) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നിശ്ചയിക്കപ്പെട്ട ദിവസം ബോർഡിലെ ജീവനക്കാരായി മാറിയവർക്ക് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനെ തുടർന്ന് യാതൊരുവിധ മാറ്റങ്ങളോ സീനിയോറിറ്റി നഷ്ടമോ സേവന വേതന വ്യവസ്ഥയിൽ ദോഷകരമായ മറ്റ് യാതൊരുവിധ മാറ്റങ്ങളോ കൂടാതെ തന്നെ സർക്കാർ ജീവനക്കാരായി തുടരാവുന്നതാണ്. ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ ബോർഡിലെ ജീവനക്കാരായി മാറിയ ജീവനക്കാരെ തിരിച്ച് സർക്കാർ ജീവനക്കാരായി മാറ്റുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം അതിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** ** **

22. <u>ബോർഡ് കരാറുകളിൽ ഏർപ്പെടുന്നത്</u>.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ബോർഡ് ഉണ്ടാക്കുന്ന കരാറുകളെ സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്, അതായത്:—

(എ) ബോർഡിന് വേണ്ടിയുള്ള എല്ലാ കരാറുകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ബോർഡ് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ഉണ്ടാക്കേണ്ടതാണ്;

(ബി) സ്ഥാവരവസ്തുവിന്റെ ആർജ്ജനത്തിനോ വിൽപ്പനയ്ക്കോ വേണ്ടിയോ അങ്ങനെയുള്ള ഏതെങ്കിലും വസ്തു മുപ്പത് വർഷത്തിൽ കവിയുന്ന ഒരു കാലയളവിലേയ്ക്ക് പാട്ടം കൊടുക്കുന്നതിനും ലൈസൻസ് നൽകുന്നതിനും വേണ്ടിയോ ഉള്ള യാതൊരു കരാറും അത്, സർക്കാർ, അതിന് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും, മുൻകൂട്ടി അംഗീകരിക്കാത്ത പക്ഷം, ഉണ്ടാക്കുവാൻ പാടുള്ളതല്ല;

** ** ** **

(ഇ) ഈ ആക്റ്റിലെയും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ അനുസരിച്ച് അല്ലാതെ ഉണ്ടാക്കിയിട്ടുള്ള യാതൊരു കരാറും ബോർഡിന് ബാധകമാകുന്നതല്ല.

** ** ** **

63. <u>തിരിച്ചടയ്ക്കേണ്ട തീയതിക്കു മുൻപ് വായ്പ തിരിച്ചടയ്ക്കാനുള്ള ബോർഡിന്റെ അധികാരം.</u>—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അതിന്റെ കൈവശം വന്നുചേരാവുന്നതും സെക്യൂരിറ്റിയുടെ മറ്റ് കൈവശക്കാരുടെ സുരക്ഷയ്ക്ക് ഭംഗം വരാതെ വിനിയോഗിക്കാൻ കഴിയുന്നതുമായ തുകകളിൽ നിന്നും ഏതെങ്കിലും തുക, തിരിച്ചടയ്ക്കുന്നതിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള സമയം എത്തിയിട്ടില്ലെങ്കിൽപ്പോലും ഏതെങ്കിലും വായ്പയുടെ മുതലിനെ സംബന്ധിച്ച് സർക്കാരിന് നൽകേണ്ടതായ തുക തിരിച്ചടയ്ക്കുന്നതിനു വേണ്ടി വിനിയോഗിക്കാവുന്നതാണ്:

എന്നാൽ, പതിനായിരം രൂപയിൽ കുറഞ്ഞ ഏതൊരു തുകയിൽ നിന്നും അങ്ങനെയുള്ള ഒരു തിരിച്ചടവും നടത്താൻ പാടില്ലാത്തതും; അങ്ങനെയുള്ള തിരിച്ചടവ് നടത്തുകയാണെങ്കിൽ തുടർന്നുവരുന്ന ഓരോ തവണയിലെയും പലിശയ്ക്കും ബാക്കി നിൽക്കുന്ന മുതലിൻമേൽ അടയ്ക്കേണ്ട പലിശതുകയെ കൃത്യമായി പ്രതിനിധാനം ചെയ്യുന്ന രീതിയിൽ വകവയ്ക്കേണ്ടതാണ്.

** ** ** **

70. <u>പൊതുനിധിയിലെ തുകയുടെ വിനിയോഗിക്കൽ.</u>—(1) 69-ാം വകുപ്പ് പ്രകാരം പൊതുനിധിയിലേക്ക് വരവ് വച്ച തുക ബോർഡ് താഴെ പറയുന്ന ചാർജ്ജുകൾ നൽകുന്നതിന് വിനിയോഗിക്കേണ്ടതാണ്, അതായത്:—

** ** ** **

(ഐ) 24-ാം വകുപ്പ് പ്രകാരം ഉണ്ടായിട്ടുള്ള ഏതെങ്കിലും ചെലവുകൾ;

** ** ** **

71. പൊതുനിധിയിൽ നിന്നും നിർദ്ദിഷ്ട അക്കൗണ്ടിലേക്കും തിരിച്ചും തുക കൈമാറുന്നതിനുള്ള അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, പൊതുനിധിയിൽ വകവച്ചിട്ടുള്ള തുകകളിൽ നിന്നും ഏതെങ്കിലും തുക അങ്ങനെ പരിപാലിക്കുന്ന പൈലറ്റേജ് അക്കൗണ്ടു പോലുള്ള പ്രത്യേകമായതോ നിർദ്ദിഷ്ടമായ അക്കൗണ്ടിലേക്കോ ഉള്ള കമ്മി, ഏതെങ്കിലും ഉണ്ടെങ്കിൽ, നേരിടുന്നതിനോ വിനിയോഗിക്കാവുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള പ്രത്യേക അക്കൗണ്ടുകളിലുള്ള ഏതെങ്കിലും മിച്ച നിധി മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ ബോർഡിന്റെ പൊതുനിധിയിലേക്ക് കൈമാറ്റം ചെയ്യാവുന്നതുമാണ്.

** ** ** **

84. കണക്കുകളും ആഡിറ്റുകളും.—(1) ബോർഡ് ശരിയായ കണക്കുകളും മറ്റ് പ്രസക്ത രേഖകളും സൂക്ഷിച്ച് പോരേണ്ടതും സർക്കാർ അംഗീകരിക്കുന്ന അങ്ങനെയുള്ള ഫാറത്തിലുള്ള ബാലൻസ് ഷീറ്റ് ഉൾപ്പെടെയുള്ള കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ കണക്കുകൾ വർഷത്തിൽ ഒരിക്കൽ ഓഡിറ്റ് ചെയ്യപ്പെടേണ്ടതും സർക്കാർ അപ്രകാരം ആവശ്യപ്പെടുന്നപക്ഷം ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് സർക്കാർ നിയമിക്കുന്ന ഒരു ആഡിറ്റർ അങ്ങനെയുള്ള കണക്കുകൾ സമാഹരിക്കുന്നതിനൊപ്പം ഒരേ സമയത്ത് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ബോർഡ്, ആഡിറ്റർക്ക് നൽകേണ്ടതായ ഏതൊരു തുകയും ബോർഡിന്റെ പൊതുഫണ്ടിൽ നിന്ന് കുറവ് ചെയ്യേണ്ടതുമാണ്.

(3) സർക്കാരിന്റെ കണക്കുകളുമായി ബന്ധപ്പെട്ട ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് ഉള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ആഡിറ്റർക്ക്, ബോർഡിന്റെ കണക്കുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നതും വിശേഷിച്ച്, ബോർഡിന്റെ കണക്ക് ബുക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും, മറ്റ് രേഖകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടാനുള്ള അവകാശവും ഉണ്ടായിരിക്കുന്നതാണ്.

** ** ** **

103. തദ്ദേശീയ ഉപദേശക സമിതി.—(1) സർക്കാരിന്, അതത് സമയം അത് തീരുമാനിക്കാവുന്ന അങ്ങനെയുള്ള തുറമുഖങ്ങൾക്കുവേണ്ടി ഓരോ സംഗതിയിലും അതു ഉചിതമെന്ന് കരുതാവുന്ന അത്രയും എണ്ണം ആളുകൾ അടങ്ങുന്നതും നിർണ്ണയിക്കപ്പെടാവുന്ന

അങ്ങനെയുള്ള വ്യവസ്ഥകളിലും ഉപാധികളിൻമേലും തദ്ദേശീയ ഉപദേശക സമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിന്, അത് ഉചിതമെന്ന് കരുതുകയാണെങ്കിൽ അതിന്റെ മുമ്പാകെ വരുന്ന ഏതൊരു കാര്യത്തിന്മേലും ബന്ധപ്പെട്ട തദ്ദേശീയ ഉപദേശക സമിതിയുമായി കൂടിയാലോചിക്കാവുന്നതും അത്തരം കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ, ഇതിലേക്കായി പൊതുവായതോ അല്ലെങ്കിൽ പ്രത്യേകമായതോ ആയ ഉത്തരവുമുഖേന വിനിർദ്ദേശിക്കാവുന്നതോ അപ്രകാരം ചെയ്യുവാൻ റെഗുലേഷൻ മുഖേന ആവശ്യപ്പെട്ടുമ്പോഴോ ചെയ്യേണ്ടതാണ്.

(3) 1908-ലെ ഇന്ത്യൻ പോർട്ട് ആക്റ്റ് (1908-ലെ 15-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നിയമിക്കപ്പെട്ട പോർട്ട് ആഫീസർ, തദ്ദേശീയ ഉപദേശക സമിതിയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ ആയിരിക്കുന്നതാണ്.

(4) തദ്ദേശീയ ഉപദേശക സമിതി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഇടവേളകളിലും ബോർഡിന്റെ ചെയർമാൻ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സന്ദർഭങ്ങളിലും അടിയന്തിര കാര്യങ്ങളുടെ നടത്തിപ്പിനായി യോഗം ചേരേണ്ടതാണ്.

(5) തദ്ദേശീയ ഉപദേശക സമിതിയുടെ ഒരു യോഗത്തിലെ കോറം രൂപീകരിക്കുവാൻ ആവശ്യമായ അംഗങ്ങളുടെ എണ്ണം സർക്കാർ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(6) തദ്ദേശീയ ഉപദേശക സമിതിയുടെ ശിപാർശകൾ അടുത്ത ബോർഡ് മീറ്റിംഗ് മുമ്പാകെ വയ്ക്കാവുന്നതാണ്.

** ** ** **

106. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി, സർക്കാരിന്, വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അപ്രകാരമുള്ള ചട്ടങ്ങൾ, പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടം ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി ഉണ്ടാക്കാവുന്നതാണ്, അതായത്:—

(എ) 13-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ചെയർമാന്റെയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും സേവന വ്യവസ്ഥകളും ഉപാധികളും;

(ബി) 22-ാം വകുപ്പ് പ്രകാരം കരാറുകൾ ഒപ്പിട്ട് പൂർത്തീകരിക്കുന്നതിനുള്ള ഫാറവും രീതിയും;

(സി) 53-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ബോർഡിന് സ്വരൂപിക്കാവുന്ന വായ്പ സംബന്ധിച്ച വ്യവസ്ഥകളും ഉപാധികളും;

(ഡി) 103-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശീയ ഉപദേശക സമിതിയിലെ ഒരു അംഗമായി ആളുകളെ നിയമിക്കുന്നതിനുള്ള വ്യവസ്ഥയും ഉപാധികളും;

(ഇ) ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതൊരു കാര്യവും.

** ** ** **